മരിയ ജോസ്



# ദയാവധത്തിന്റെ അടിസ്ഥാനം ദയയോ?

സ്വന്തം വളർത്തുമൃഗങ്ങളെ പോലും ദയാവധത്തിന് വിധേയരാക്കാത്ത ആളുകളാണ് ദയയുടെ പേരിൽ രോഗബാധിതരായവരെ മരണത്തിലേക്ക് തള്ളിവിടുന്നത്. ദയയുടെ പേരിലാണ് ഈ സഹായമെങ്കിൽ ആ ക്രൂരമായ ദയയുടെ അടിസ്ഥാനങ്ങളെക്കുറിച്ച് ഒന്നു വിചിന്തനം ചെയ്യേണ്ടത് അത്യാവശ്യമല്ലേ?

ഭാരതത്തിന്റെ ധാർമിക മനഃസാക്ഷിക്ക് തിരിച്ചടി നൽകിക്കൊണ്ടുള്ള ഒന്നായിരുന്നു ഉപാധികളോടെയുള്ള ദയാവധം നിയമാനുസൃതമാക്കിക്കൊണ്ടുള്ള സുപ്രീംകോടതി വിധി. കോടതിവിധിക്ക് ശേഷം ജീവന്റെ അവകാശത്തെ അനുകൂലിച്ചും പ്രതികൂലിച്ചും നിരവധി ആളുകളാണ് രംഗത്തെത്തിയത്. ദയാവധം രോഗികളായവരോട് കാണിക്കുന്ന ദയയാണെന്ന് ഒരു കൂട്ടർ വാദിച്ചപ്പോൾ ജീവന്റെ അവകാശത്തിനു നേരെയുള്ള കടന്നുകയറ്റമാണ് ദയാവധമെന്ന് മറ്റൊരു കൂട്ടർ പ്രഖ്യാപിച്ചു. എന്നാൽ മറ്റുചിലർക്ക് താല്പര്യം ദയാവധത്തെ മതത്തിന്റെയും ധാർമികതയുടെയും കുടക്കീഴിൽ നിന്നും അകറ്റി നിർത്താനായിരുന്നു.

നിരവധി ആളുകൾ പരസഹായമില്ലാതെ ഒന്നു ചലിക്കാൻ പോലും കഴിയാത്ത അവസ്ഥയിൽ കഴിയുന്നുണ്ട്. പ്രത്യക്ഷത്തിൽ അവരുടെ മുഖത്ത് ഒരു മടുപ്പ് തോന്നാം എങ്കിലും സ്വസ്ഥവും ആരോഗ്യപൂർണവുമായ ഒരു ജീവിതം അവർ ആഗ്രഹിക്കുന്നില്ല എന്ന് എങ്ങനെ പ്രവചിക്കാൻ കഴിയും? ഇനി ഒരിക്കലും ഒരു സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരില്ലെന്ന് കരുതി എങ്ങനെ അവരെ മരണത്തിലേക്ക് തള്ളിവിടാൻ സാധിക്കും? വൈദ്യശാസ്ത്രം എഴുതിതള്ളിയ എത്രയോ പേർ ജീവിതത്തിലേക്ക് മടങ്ങിവന്നിരിക്കുന്നു.

സ്വന്തം വളർത്തുമൃഗങ്ങളെ പോലും ദയാവധത്തിന് വിധേയരാക്കാത്ത ആളുകളാണ് ദയയുടെ പേരിൽ രോഗബാധിതരായവരെ മരണത്തിലേക്ക് തള്ളിവിടുന്നത്. ദയയുടെ പേരിലാണ് ഈ സഹായമെങ്കിൽ ആ ക്രൂരമായ ദയയുടെ അടിസ്ഥാനങ്ങളെക്കുറിച്ച് ഒന്നു വിചിന്തനം ചെയ്യേണ്ടത് അത്യാവശ്യമല്ലേ?

ദയാവധം സംബന്ധിച്ച കോടതി ഉത്തരവിനെ ദുരുപയോഗം ചെയ്യാനുള്ള സാധ്യതയാണ് മറ്റൊന്ന്. കോടതിയിൽ ശരികളെ തെറ്റും തെറ്റുകളെ ശരിയുമാക്കാൻ കഴിവുള്ള ഒരു വക്കീലിനു കഴിയുമെന്നിരിക്കെ ഈ സാധ്യത തള്ളിക്കളയാനാവില്ല. പഴുതുകൾ എല്ലാം അടച്ചൊരു നിയമനിർമാണം സാധ്യമാണെങ്കിൽതന്നെ ജീവനെ എടുക്കാൻ എന്ത് അവകാശമാണ് മനുഷ്യനുള്ളത്?

**ജീവനെ സംബന്ധിക്കുന്ന മേഖല ശ്രദ്ധയോടെ കൈകാര്യം ചെയ്യണം**

*ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്, തിരുവല്ല അതിരൂപതാ മെത്രാപ്പോലീത്താ*

ജീവന്റെ തുടക്കം മുതൽ അതിന്റെ പ്രകൃതിദത്തമായ അന്ത്യംവരെ വിശുദ്ധവും അമൂല്യവുമാണെന്ന് മനുഷ്യനുള്ള കാലം മുതൽ അംഗീകരിക്കപ്പെട്ടുവന്നിരുന്ന സത്യമാണ്. ജീവൻ മനുഷ്യനിർമിതിയല്ല. മറിച്ച് ദൈവദാനമാണ്. ഉടയവനാണ് ജീവനെപ്പറ്റി തീരുമാനിക്കേണ്ടത്. കാരുണ്യവധം ഉപാധികളോടെ നിയമവിധേയമാക്കിയ കോടതിവിധി



ഉറുമ്പിനെപോലും നോവിക്കരുതെന്നു ശഠിക്കുന്ന അഹിംസയുടെ സംസ്കാരത്തെ ലോകത്തിനു നൽകിയ ഇന്ത്യയിൽ വന്നു എന്നത് വിരോധാഭാസം തന്നെ. 'സമാധാനപരവും മാന്യവുമായ മരണമെന്ന്' സംജ്ഞ നൽകിക്കൊണ്ട് ജീവനെ പന്താടാൻ ഇടനിൽകുന്ന ഈ സമീപനം ദൂരവ്യാപകമായ ധാർമിക അപകടങ്ങൾ ക്ഷണിച്ചുവരുത്തും. ജീവനുമായി ബന്ധപ്പെട്ട മേഖലകൾ പവിത്രവും ശ്രദ്ധാപൂർവകവുമായി മാത്രമേ കൈകാര്യം ചെയ്യാവൂ. ഏതു നിയമവും മറികടക്കാൻ പഴുതുകൾ തേടുന്ന നമ്മുടെ സംസ്കാരത്തിൽ ജീവനെ സംബന്ധിക്കുന്ന ഇപ്രകാരമുള്ള കൈകടത്തലുകൾ തീർച്ചയായും അപകടകാരിയാണ്. 'മാനിഷാദ' പാടിയ ഭാരതത്തിന് ഇത് ഒട്ടും യോജിച്ചതല്ല.

**ജീവന്റെ മൂല്യത്തെ നിഷേധിക്കരുത്**

*ഫാ. മാത്യു ഇലത്തുപറമ്പിൽ, റെക്ടർ, സെ. ജോസഫ് പൊന്തിഫിക്കൽ സെമിനാരി, ആലുവ*

ദയാവധം നിയമവിധേയമാക്കുമ്പോൾ സർക്കാർ ഉദ്ദേശിക്കുന്നത് പൊതുവേ രണ്ട് ലക്ഷ്യങ്ങളാണ്. അന്തസുള്ള മരണം. അനായാസേന ഉള്ള മരണം.



ഇവ രണ്ടും നാം ആഗ്രഹിക്കുന്നതിൽ തെറ്റില്ല. പക്ഷെ എപ്പോഴും അവ ലഭിക്കണമെന്നില്ല. ജീവൻ എന്ന മഹാമൂല്യം നിഷേധിച്ചുകൊണ്ടാകരുത് അന്തസുള്ള മരണം ഉറപ്പാക്കേണ്ടത്. മാത്രമല്ല ഭാരതത്തിലെ കോടിക്കണക്കിന് ഹതാശരായ മനുഷ്യർക്ക് അന്തസുള്ള ജീവിതം ഉറപ്പാക്കുകയാണ് സർക്കാർ ആദ്യം ചെയ്യേണ്ടത്.

**ജീവന്റെ പവിത്രതയെ തിരിച്ചറിയുക**

*ഡോ. സിറിയക് തോമസ്, മുൻ വൈസ് ചാൻസലർ*

അടുത്തയിടെ ഉണ്ടായ സുപ്രീംകോടതി വിധിയോടെ ദയാവധം എന്നത് സമൂഹത്തിൽ വീണ്ടും ചർച്ചാവിഷയം ആയിരിക്കുകയാണ്. നമ്മുടെ പാരമ്പര്യ വിശ്വാസപ്രകാരം ആയുസിന്റെ ഉടയോൻ ദൈവമാണ്. ആയുസിന്റെ ദൈർഘ്യം നിശ്ചയിക്കുന്നതും ദൈർഘ്യത്തിന്റെ അളവ് കുറയ്ക്കുന്നതും ദൈവമാണ്. മരണം ജീവന്റെ മറുവശമാണ്. ജനിക്കുന്ന ഏതൊരു മനുഷ്യനും മരിക്കാതിരിക്കുക സാധ്യമല്ല. ഈ മരണത്തെ ഒരു



വ്യക്തി സ്വയം തീരുമാനിക്കുന്നതോ ബന്ധുക്കൾ തീരുമാനിക്കുന്നതോ ആയ ഒരു വിഷയം എന്ന നിലയിലാക്കുന്നതിലാണ് യുക്തിഭംഗത്തെ കാണുന്നത്. എന്നാൽ പഴയ കാലത്തിൽ നിന്ന് ഒട്ടെറെ സങ്കൽപ്പങ്ങൾ മാറിപോകുന്ന ഒരു കാലമാണ് ഇത് എന്നത് നിഷേധിക്കുന്നില്ല. എന്നാൽ കാലാതീതമായി നിലനിൽക്കുന്ന ചില മൂല്യസങ്കൽപ്പങ്ങൾ ഉണ്ട്. അത് അങ്ങനെതന്നെ നിലനിൽക്കുമ്പോഴാണ് സമൂഹത്തിന്റെ സുസ്ഥിതി വ്യവസ്ഥാപിതവും സുരക്ഷിതവുമാകുന്നത്. പണ്ടൊക്കെ ആളുകൾ രോഗീലേപനം സ്വീകരിച്ച് ബന്ധുക്കളോടും കുടുംബാംഗങ്ങളോടും യാത്രചൊല്ലി സ്വസ്ഥതയോടെ മരണത്തെ സ്വീകരിച്ചിരുന്നു. എന്നാൽ ഇന്ന് പലരും വെന്റിലേറ്ററിലാണ് മരിക്കുന്നത്. രോഗികളുടെ സാമ്പത്തിക സ്ഥിതി നോക്കി വെന്റിലേറ്ററിലേക്ക് കയറ്റുന്ന സ്ഥാപനങ്ങളും കുറവല്ല. സുബോധത്തോടെ കൂദാശകൾ സ്വീകരിച്ചുകൊണ്ട് ഉള്ള മരണത്തെ തടസപ്പെടുത്തുന്ന നിയമക്കുരുക്കാണ് അറിഞ്ഞോ അറിയാതെയോ ദയാവധത്തിലൂടെ നിയമപ്രാബല്യത്തോടെ കടന്നുവരാൻ പോകുന്നത് എന്ന തിരിച്ചറിവുണ്ടാവുകയെന്നതാണ് ജീവനെ പവിത്രമായി കരുതുന്ന ആർക്കും സ്വീകരിക്കാവുന്ന അഭികാമ്യമായ നിലപാട്. ■

## തേനും ഒലിവെണ്ണയും

തേനും ഒലിവെണ്ണയും ചേർന്ന മിശ്രിതം മുടിയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുന്നു. ഉണങ്ങിയ തലയോട്ടിയിൽ പുരട്ടിയാൽ മുടിയുടെ തിളക്കം കൂടും. മൂന്നു സ്പൂൺ ഒലിവെണ്ണയും രണ്ടു സ്പൂൺ തേനുമായി ഇളക്കുക. ഇത് ഷാംപൂ ചെയ്ത മുടിയിൽ പുരട്ടി 30 മിനിറ്റ് വച്ചശേഷം ഷാംപൂ ഉപയോഗിച്ച് കഴുകി കളയുക.